(ബി) 2003-04 വർഷത്തെ സിനിയോറിറ്റി ലിസ്റ്റന്റെ പകർപ്പ് †അനുബന്ധമായി ചേർത്തിട്ടുണ്ട്

(സി) 13 വർഷം സർവീസുള്ള പ്രൈമറി അദ്ധ്യാപകർക്കാണ് പ്രസ്തുത തസ്തികയിൽ പ്രൊമോഷൻ നൽകിയിട്ടുള്ളത്.

(ഡി) 10%

(ഇ) സർവീസിലുള്ള ജീവനക്കാർക്ക് എച്ച്. എസ്. എ. യായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ഒഴിവ് വരുന്നതനുസരിച്ച് ഇത് നടപ്പാക്കുന്നുണ്ട്.

മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററിൽ ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നവർക്ക് വേതനം ലഭ്യമാക്കാത്തത് സംബന്ധിച്ച്

136 [755] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററിൽ ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നവർക്ക് വേതനം നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് വേതനം നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ശമ്പളം എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ അദ്ധ്യയന വർഷം എസ്. എസ്. എ. യുടെ ആനുവൽ വർക്ക് പ്ലാൻ അനുസരിച്ച് മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററിൽ (എം.ജി.എൽ.സി.) പഠിക്കുന്ന ഓരോ കുട്ടിക്കും പ്രതിവർഷം 845 രൂപ മാത്രമായിരുന്നു അനുവദിച്ചിരുന്നത്. പ്രസ്തുത തുകകൊണ്ട് വോളന്റിയർമാർക്ക് പരിശീലനം, പഠന സാമഗ്രികളുടെ വിതരണം തുടങ്ങിയ കാര്യങ്ങൾ നടത്തേണ്ടിയിരുന്നു. അതിനാൽ പാചകതൊഴിലാളികളുടെ വേതനം ഈ തുക കൊണ്ട് നൽകാൻ കഴിയുമായിരുന്നില്ല. മാത്രമല്ല എസ്.എസ്.എ. ആരെയും പാചകവേലയ്ക്ക് നിയോഗിച്ചിട്ടുമില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

യുവജനോത്സവ മാനുവൽ പരിഷ്ക്കരണം

137 [756] ശ്രീ. എം. വി. ജയരാജൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്ക്കൂൾ യുവജനോത്സവത്തിന്റെ എന്തെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്താൻ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) അനിയന്ത്രിതമായി അപ്പീലുകൾ വരുന്നത് കാരണം പ്രോഗ്രാമുകൾ പ്ളാൻ ചെയ്യുന്നത് അനുസരിച്ച് മുന്നോട്ട് പോകുന്നില്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(സി) അപ്പീൽ നൽകുന്നതിന് ഫീസ് എത്രയാണ് എന്ന് വെളിപ്പെടുത്താമോ; ഇതിന് രസീത് കൊടുക്കാറില്ല എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) തെറ്റായ അപ്പീലുകൾ നൽകുന്ന സ്ക്കൂളുകൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കുമോ;

(ഇ) യുവജനോത്സവ മാനുവൽ പരിഷ്ക്കരിക്കാൻ തയ്യാറാവുമോ; എങ്കിൽ ഇതിനായി ഏതെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ സമിതിയംഗങ്ങൾ ആരെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള മാറ്റം ഉദ്ദേശിക്കുന്നില്ല. എന്നാൽ നടത്തിപ്പിന്റെ ബാഹുല്യം കണക്കിലെടുത്ത് അപ്പീലുകൾ പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) അനിയന്ത്രിതമായി അപ്പീലുകൾ ലഭിക്കുന്നത് പ്രോഗ്രാമിന്റെ സമയക്രമം തെറ്റിക്കുന്നുണ്ട്. പ്രോഗ്രാം തുടങ്ങിയതിനുശേഷം ലഭിക്കുന്ന അപ്പീൽ ഉത്തരവുകളാണ് പരിപാടിയുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നത്. അതുകൊണ്ട് യുവജനോത്സവ പരിപാടി ആരംഭിക്കുന്നതിന് മുൻപ് നിശ്ചിത ദിവസത്തിനകം ലഭിക്കാത്ത അപ്പീലുകൾ ഇനി മുതൽ പരിഗണിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly